# സാമൂഹിക പ്രത്യാഘാത പഠനം

## കുറ്റ്യാടി ജല വൈദ്യുത പദ്ധതിയുടെ പ്രാപ്തി വർദ്ധിപ്പിക്കൽ പദ്ധതി

0.0852 ഹെക്ടർ

അന്തിമ റിപ്പോർട്ട്

റിക്വസിഷൻ അധികാരി
കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.com

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

## ഉള്ളടക്കം

അദ്ധ്യായം - 1- പഠന റിപ്പോർട്ട് - രത്ന ചുരുക്കം

1.1 ആമുഖം- പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമിഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമിഏറ്റെടുക്കൽ അധികാരി

(ബി). പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

(ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.5. സാമൂഹിക പ്രത്യാഘാതം

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.7. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അദ്ധ്യായം 2- പദ്ധതി വിശദീകരണം

2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

2.1.1. റിക്വസിഷൻ അധികാരി

2.1.1. (എ).കേരളാ സ്േററററ് ഇലക്ട്രിസിററി ബോർഡ്

2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണ വിഭാഗം

2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടംഎന്നിവ

2.3.1. പദ്ധതി പ്രദേശം

2.4. പദ്ധതി നിർവ്വഹണഘട്ടം

2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

2.6. പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

അദ്ധ്യായം 3- സാമൂഹിക പ്രത്യാഘാത പഠനം - സമീപനവും രീതി ശാസ്ത്രവും

3.1. പശ്ചാത്തലം

3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയുംവിവരങ്ങളും

3.3. പഠന സമീപനം

3.4. പദ്ധതിയുടെ രീതിശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

3.5. വിവര ശേഖരണ കേന്ദ്രങ്ങൾ
3.6. നടപടികളും സമയക്രമങ്ങളും
3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ
3.8. പൊതു അഭിപ്രായ സ്വീകരണം

അദ്ധ്യായം 4- പദ്ധതി ഭൂമിയുടെ വിശകലനം
4.1. ഭൂമിയുടെ വിവരണം
4.2. പദ്ധതി പ്രദേശത്തിൽ ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.
4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ വിവരണം.
4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.
4.5. പദ്ധതിക്കുവേണ്ടി ഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റിവയ്ക്കപ്പെടുകയോ, വാടകയ്ക്ക് എടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരണം.
4.6. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്ഥാനം, വിസ്തീർണ്ണം മറ്റു വിവരങ്ങൾ
4.7. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്വഭാവം, ഘടന, കൃഷിരീതി, ജല ലഭ്യത
4.8. വസ്തുവിന്റെ വിസ്തൃതി, ഉടമസ്ഥതാ സ്വഭാവം, വിവരണം, താമസ ഭവനങ്ങളുടെഎണ്ണം.
4.9. ഭൂമി വില, ഉടമസ്ഥാവകാശത്തിലെ മാറ്റങ്ങൾ, ഭൂമി കൈമാറ്റം, ഭൂമിയുടെ ഉപയോഗം-കഴിഞ്ഞ 3 വർഷങ്ങളിൽ

അദ്ധ്യായം 5 - ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

5.1. പദ്ധതി നേരിട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങൾ
5.2. പദ്ധതി നേരിട്ട് അല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ
5.3. ഉപയോഗപ്രദമായതും അല്ലാത്തതുമായ ഭൂമിയുടെയും, മറ്റ് സ്വത്തുക്കളുടെയും വിവരങ്ങൾ

അദ്ധ്യായം 6- പദ്ധതി ബാധിതരുടെ സാമൂഹ്യ- സാമ്പത്തിക-സാംസ്കാരിക വിവരങ്ങൾ
6.1. ജനസംഖ്യ വിവരങ്ങൾ
6.2. പദ്ധതി ബാധിതരായ ഭൂവുടമകളുടെ വയസ്സ് തിരിച്ചുള്ള വിവരണം
6.3. സ്ത്രീ, പുരുഷ അടിസ്ഥാനത്തിൽ ഭൂവുടമകളുടെ വിവരണം
6.4. കുടുംബാംഗങ്ങളുടെ എണ്ണം അനുസരിച്ച് ഭൂവുടമകളുടെ വിവരണം.
6.5. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ
6.6. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ
6.7. ഭൂവുടമകളുടെ സാമ്പത്തികസ്ഥിതി
6.8. ജോലി അടിസ്ഥാനമാക്കി ഭൂവുടമകൾ

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

6.9. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ
6.10. കൈവശ ഭൂമിയുടെ അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ
6.11. കൈവശ ഭൂമിയുടെ കാലയളവിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ
6.12. പദ്ധതി ബാധിതരുടെ കുടുംബാംഗങ്ങളുടെ സാമൂഹ്യ - സാമ്പത്തിക വിവരങ്ങൾ
6.12.1. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ പ്രായം തിരിച്ചുള്ള വിവരങ്ങൾ
6.12.2. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളും വിദ്യാഭ്യാസ നിലവാരം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ
6.13. ഭൂ ഉടമസ്ഥരല്ലാത്ത പദ്ധതി ബാധിതർ

അദ്ധ്യായം 7 - സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതി
7.1. പ്രത്യാഘാതലഘൂകരണ നടപടികൾ
7.2. പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ
7.3. പദ്ധതിക്ക് വേണ്ടി ഭൂമി ആവശ്യപ്പെടുന്ന കേരള ഇലക്ട്രിസിറ്റി ബോർഡ് പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ
7.4. സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റങ്ങളുംകൂട്ടിചേർക്കേണ്ട കാര്യങ്ങളും
7.5. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം-വിശദാംശങ്ങൾ

അദ്ധ്യായം 8- സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ നടപ്പാക്കൽ സംവിധാന ഘടന
8.1. സ്ഥാപന ഘടനാ സംവിധാനം

അദ്ധ്യായം 9- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണവും ബജറ്റും പ്രത്യാഘാത ലഘൂകരണത്തിന് വേണ്ടിയുള്ള സാമ്പത്തികവും
9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ചിലവ്
9.2. വാർഷിക ബജറ്റും പദ്ധതി രൂപരേഖയും
9.3. സാമ്പത്തിക സ്രോതസ്സും വിശദീകരണവും

അദ്ധ്യായം 10- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി - മേൽനോട്ടവും വിലയിരുത്തലും
10.1. പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ
10.2. മേൽനോട്ടവും റിപ്പോർട്ടിംഗും
10.3. സ്വതന്ത്രമായ വിലയിരുത്തലിന് വേണ്ടിയുള്ള പദ്ധതി

KERALA VHSS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

അദ്ധ്യായം 11 - സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപ്പരസ്യം- ഫോം.നം.5- നോട്ടിഫിക്കേഷൻ
4. നോട്ടീസ്
5. പബ്ളിക് ഹിയറിംഗ്- ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

# സാമൂഹിക പ്രത്യാഘാത പഠനം
# കുറ്റ്യാടി ജല വൈദ്യുത പദ്ധതിയുടെ
# പ്രാപ്തി വർദ്ധിപ്പിക്കൽ പദ്ധതി
# 0.0852 ഹെക്ടർ

## 1.1. ആമുഖം- പദ്ധതിയും പൊതു ആവശ്യവും

പഴയ കോഴിക്കോട്, കണ്ണൂർ ജില്ലയുടെ ഭാഗമായിരുന്ന വയനാട് പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ്, ഏഷ്യയിലെ ഏറ്റവും വലിയ മണ്ണ് കൊണ്ട് നിർമ്മിച്ച ബാണാസുരസാഗർ അണക്കെട്ട് നിർമ്മിച്ചത്. ആരംഭത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുക, കാർഷിക ആവശ്യത്തിന് ജലം ലഭ്യമാക്കുക എന്നിവയായിരുന്നു പദ്ധതി ലക്ഷ്യം. എന്നാൽ പിന്നീട്, ബാണാസുരസാഗർ അണക്കെട്ടിലെ ജലം ഉപയോഗിച്ച് കുറ്റ്യാടി ജല വൈദ്യുത നിലയത്തിൽ കൂടി വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി ഗവൺമെന്റ് നടപ്പാക്കി. 2010- ൽ 417 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പറ്റുന്ന വിധം, കുറ്റ്യാടി ജലവൈദ്യുത പദ്ധതി പൂർത്തീകരിച്ചു. വൈദ്യുതി ഉൽപ്പാദനത്തിനായി കൂടുതൽ ജലം ശേഖരിക്കുവാൻ ആരംഭിച്ചതോടെ, തരിയോട് പട്ടണവും സമീപസ്ഥമായ ജനവാസ കേന്ദ്രങ്ങളും മുങ്ങിപ്പോവുകയോ ഒറ്റപ്പെടുകയോ ചെയ്തു. ഇപ്രകാരം പദ്ധതി ബാധിതമായ സ്ഥലത്ത് താമസ്സിച്ചിരുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിന്, ഇലക്ട്രിസിറ്റി ബോർഡ്, ഗവൺമെന്റ് നടപടികൾ സ്വീകരിക്കുകയും, പഞ്ചായത്തിന്റെ സഹായത്തോടെ 90% കുടുംബങ്ങളുടെയും പുനരധിവാസം പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ ഈ പുനരധിവാസ നടപടികൾ പുരോഗമിക്കുമ്പോൾ ചില സമീപ പ്രദേശങ്ങളിലെ ഭൂഉടമകളും, ചില ഭൂകച്ചവടക്കാരും പദ്ധതി ബാധിക്കപ്പെടുന്നതായി കണ്ടെത്തിയ പ്രദേശത്തെ ഭൂമി, പദ്ധതി ബാധിതരിൽ നിന്നും, ഗവൺമെന്റ് നൽകുന്ന നഷ്ടപരിഹാരത്തിൽ നിന്നും ഉയർന്ന വിലയ്ക്ക് വാങ്ങുകയും, സ്വന്തമാക്കുകയും ചെയ്തു. ഇങ്ങനെയുള്ള ഭൂഉടമകൾക്കും ഏഴ് ആദിവാസി കുടുംബങ്ങളും, ഭൂമി ഗവൺമെന്റിന് നൽകാൻ തയ്യാറായില്ല. അവർ പദ്ധതി പ്രദേശത്ത് തുടരുകയും ചെയ്തു. ഒലിയ തോതിൽ ഭൂമി കൈവശമുള്ളവർ അവർക്ക് ലഭ്യമായിരുന്ന നടപ്പാത സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മുന്നോട്ട് പോവുകയും, ആദിവാസികൾ മീൻ പിടുത്തം ഉൾപ്പെടെയുള്ള ജീവിതോപാധികളുമായി കഴിഞ്ഞു പോവുകയും ചെയ്തു. പദ്ധതി പ്രദേശത്തിന്റെ സമീപസ്ഥമായി പ്രവർത്തിച്ചുകൊണ്ടിരുന്ന കരിങ്കൽ ഖനി അവരുടെ ആവശ്യത്തിന് വഴികൾ ഉണ്ടാക്കുകയും ആയത് ആ പ്രദേശത്ത് താമസ്സിക്കുന്നവരും ആദിവാസി കുടുംബങ്ങളും അവരുടെ വാഹന ഗതാഗത സൗകര്യത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്തു. പരമ്പരാഗതമായി പദ്ധതി പ്രദേശത്ത് താമസിച്ച് വരുന്ന ആദിവാസി കുടുംബങ്ങളും വാഹന ഗതാഗതത്തിന് ഈ വഴി ഉപയോഗിച്ച് വരുന്നു. എന്നാൽ 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയം, കരിങ്കൽ ഖനി വഴി ഒഴിച്ച് ബാക്കി വരുന്ന എല്ലാ ഗതാഗത മാർഗ്ഗങ്ങളും ഇല്ലാതാക്കുകയും ഉണ്ടായി. ആയതിനാൽ പദ്ധതി പ്രദേശത്ത് താമസ്സിക്കുന്ന അമ്മിണി ജോയി, കൈപ്പള്ളിൽ കൊളോക്കോട്ട് എന്ന വ്യക്തി കേരളാ ഹൈക്കോടതിയെ സമീപിക്കുകയും പദ്ധതി ബാധിത എന്ന നിലയിൽ അന്നമ്മയ്ക്ക് വഴിക്ക് അവകാശം ഉണ്ട് എന്ന് ബഹുമാനപ്പെട്ട കോടതി വിധിക്കുകയും, പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിലാണ് കരിങ്കൽ ഖനിയിലേയ്ക്കുള്ള സ്വകാര്യ വഴി ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് വിധേയമാക്കി പൊതു ഗതാഗതത്തിന് സൗകര്യമുണ്ടാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. ടി തീരുമാനത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കലിന്റെ ആരംഭമായ സാമൂഹ്യ പ്രത്യാഘാത പഠനം നടപ്പാക്കാൻ സർക്കാർ കേരളാ വോളന്ററി ഹെൽത്ത് സർവ്വീസിനെ ഏൽപ്പിക്കുകയും, ഈ റിപ്പോർട്ട് ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്.

KERALA ... MULLANKOLLY ... COLLECTORATE

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പദ്ധതി ബാധിതരുടെ വഴിക്കുള്ള അവകാശം അംഗീകരിച്ചതിനാലും പദ്ധതി പ്രദേശത്ത് കഴിയുന്ന ആദിവാസി കുടുംബങ്ങൾക്ക് കൂടി വഴി ഉപകാര പ്രദമാവും എന്നതുകൊണ്ടും പദ്ധതി പൊതു താൽപ്പര്യ പ്രദാനമാണ് എന്ന് പറയാവുന്നതാണ്.

### 1.2. പദ്ധതി പ്രദേശം

കോഴിക്കോട്- മാനന്തവാടി ദേശീയ പാതയിൽ, വൈത്തിരി ജംഗ്ഷനിൽ നിന്നും 17 കിലോമീറ്ററും, വൈത്തിരി- മാനന്തവാടി സംസ്ഥാന പാതയിൽ നിന്നും ഒരു കിലോമീറ്ററും മാറി, ബാണാസുരസാഗർ, ജലസംഭരണിയുടെ തെക്ക് കിഴക്ക് ഭാഗത്താണ് പദ്ധതി പ്രദേശം. ജലസംഭരണി വരുന്നതിന് മുമ്പ് ജന നിബിഡമായിരുന്ന പദ്ധതി പ്രദേശത്ത് ഇന്ന് നാമമാത്ര താമസ്സഭവനങ്ങൾ മാത്രമാണ് ഉള്ളത്. ആറ് ആദിവാസികുടുംബങ്ങൾ ഈ പ്രദേശത്ത് താമസിക്കുന്നു. കാവുമന്ദം വില്ലേജിൽ, വൈത്തിരി താലൂക്കിൽ, വയനാട് ജില്ലയിൽ സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശത്തോട് ചേർന്ന് പ്രവർത്തനം നിർത്തി വച്ച ഒരു കരിങ്കൽ മടയും സ്ഥിതിചെയ്യുന്നു. കൽപ്പറ്റയിൽ നിന്നും 20 കി.മീ. അകലെയാണ് പദ്ധതി പ്രദേശം. കാർഷിക പ്രധാനമായ പ്രദേശത്തോട് ചേർന്ന് റവന്യൂ- വന ഭൂമികൾ ഉണ്ട്.

### 1.3. ഭൂമി ഏറ്റെടുക്കൽ അധികാരി

തഹസിൽദാർ (ഭൂരേഖ) വൈത്തിരി ആണ് ഏറ്റെടുക്കൽ ഭൂമി സംബന്ധമായ രേഖകൾ തയ്യാറാക്കുകയും മറ്റ് നടപടിക്രമങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളത്. ഡപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) വയനാടിന്റെ മേൽനോട്ടത്തിൽ ജില്ലാ കളക്ടർ വയനാടിന്റെ നേതൃത്വത്തിൽ ആണ് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുള്ളത്.

### പദ്ധതി ബാധിതരുടെ വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത പഠനം ആറ് ഭൂഉടമകളെയാണ് പദ്ധതി ബാധിതരായി കണ്ടെത്തിയിട്ടുള്ളത്. ഇവരിൽ രണ്ട് പേർ പദ്ധതി പ്രദേശത്ത് താമസിക്കുന്നവരും, നാല് പേർ പദ്ധതി പ്രദേശത്ത് ഭൂഉടമസ്ഥത മാത്രം ഉള്ളവരുമാണ്.

### ഏറ്റെടുക്കുന്ന ഭൂമിയുടെവിവരണം

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ കാവുമന്ദം വില്ലേജിൽപ്പെടുന്ന 0.0852 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ആറ് ഭൂഉടമകളുടെ ഉടമസ്ഥതയിലുള്ളതാണ് പദ്ധതി ഭൂമി. സമീപസ്ഥമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പാറമടയിലേക്കും പ്രദേശവാസികളുടെ ഭവനങ്ങളിലേക്കും ഗതാഗത സൗകര്യത്തിന് ഉപയോഗപ്പെടുത്തിയിരുന്ന സ്വകാര്യവഴിയും അതിനെ വിപുലപ്പെടുത്താൻ ആവശ്യമായി രണ്ട് വശങ്ങളിൽ നിന്നും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പുരയിട ഭൂമിയും ഉൾപ്പെടുന്നതാണ് പദ്ധതി ഭൂമി. ഈ ഭൂമിയുടെ ഒരു ഭാഗം റവന്യൂ ഭൂമിയാണ്. യാതൊരു വിധ ചമയങ്ങളോ, കെട്ടിടങ്ങളോ പദ്ധതി ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല. ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ ജലസംഭരണ പ്രദേശത്ത് നിന്നും 50-200 മീറ്റർവരെ അകലത്തിലാണ് പദ്ധതി പ്രദേശം.

### പദ്ധതി ബാധിതരുടെസാമൂഹിക - സാമ്പത്തിക വിവരങ്ങൾ

പദ്ധതി ബാധിതരുടെ സാമൂഹിക - സാമ്പത്തിക വിശകലനം സൂചിപ്പിക്കുന്നത് ഒരാൾ ഒഴികെ ആരും തന്നെ സാമ്പത്തിക പിന്നോക്കാവസ്ഥയിൽ അല്ല എന്നാണ്. എന്നാൽ വീടും

KERALA V.H.S. PULLANKUZHY KOTTAYAM-2 COLLECTORATE P.O.

വരുമാന മാർഗ്ഗവും നഷ്ടപ്പെടുന്നില്ല എന്നുള്ളതുകൊണ്ട് തന്നെ പദ്ധതി ഒരു കുടുംബത്തേയും ഇന്നത്തെ സാമ്പത്തിക നിലവാരത്തിൽ നിന്നും പിന്നോട്ട് നയിക്കുന്നില്ല എന്ന് കാണാവുന്നതാണ്. പദ്ധതി ബാധിതരിൽ രണ്ട് പേർ മാത്രമാണ് പദ്ധതി പ്രദേശത്ത് താമസിക്കുന്നത്. സമീപ പ്രദേശത്ത് പ്രവർത്തിച്ചു കൊണ്ടിരുന്ന കരിങ്കൽ മടയുടെ ഉടമസ്ഥരോ, ബന്ധുക്കളോ, പരിചയക്കാരോ ആണ് മറ്റു ഭൂഉടമസ്ഥർ. കരിങ്കൽ സുഗമമായി നടത്തിപ്പുമായി ബന്ധപ്പെട്ട് ഭൂമി സ്വന്തമാക്കിയവർ ആണ് മേൽപ്പറഞ്ഞവർ. പദ്ധതി ബാധിതരിൽ എല്ലാവരും ക്രിസ്ത്യൻ മതവിശ്വാസത്തിൽ വിശ്വസിക്കുന്നവരാണ്. വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് എല്ലാവരും പത്താം തരത്തിന് മുകളിൽ വിദ്യാഭ്യാസം ഉള്ളവരാണ് എന്നാണ്.

### 1.4. പദ്ധതി സംബന്ധമായഇതരമാർഗ്ഗ നിർദ്ദേശങ്ങൾ

| ക്രമ നം. | ബദൽ നിർദ്ദേശങ്ങൾ | വിശദീകരണം |
|---|---|---|
| 1 | തരിയോട് റിസർവോയർ മുഖാന്തിരം വെള്ളം കയറിയ വൈത്തിരി-മാന്തവാടി റോഡിന്റെ പദ്ധതി പ്രദേശത്തിന് സമീപമുള്ള ഭാഗം മണ്ണിട്ട് ഉയർത്തി കനാലിന് മുകളിൽ കലുങ്ക് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക. | ഒരു വീടിനെ ബാധിക്കാൻ സാധ്യതയുണ്ട്. കൂടാതെ റിസർവോയറിന്റെ എഫ്.ആർ ലൈനിന് വളരെ സമീപസ്ഥമായി വരുന്നതുകൊണ്ട് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാൻ ബുദ്ധിമുട്ടുണ്ട്. |

### 1.5. സാമൂഹ്യപ്രത്യാഘാതം

ആറ് ഭൂ ഉടമകൾക്ക് ഭൂമി നഷ്ടപ്പെടുന്നു എന്നുള്ളതാണ് പദ്ധതിയുടെ പ്രാഥമിക പ്രത്യാഘാതം. എന്നാൽ യാതൊരു ചമയങ്ങളും നഷ്ടപ്പെടുന്നില്ല എന്നുള്ളതും, ഇപ്പോൾ ഉപയോഗത്തിലുള്ള സ്വകാര്യവഴിയുടെ വിപുലീകരണം ആണ് പദ്ധതി എന്നുള്ളതും, പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കുന്ന ഘടകങ്ങളാണ്. ഒരു ഭൂഉടമയുടെ ഭൂമി രണ്ടായി ഭാഗിക്കപ്പെടുകയും ഒരു ഭാഗം ഉപയോഗ ശൂന്യമായി അവശേഷിക്കുകയും ചെയ്യും എന്നുള്ളതും ഇപ്രകാരമുള്ള പ്രത്യാഘാതം അനുഭവിക്കേണ്ടി വരുന്നത് സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള കുടുംബമാണ് എന്നുള്ളതും മേൽപ്പറഞ്ഞ പ്രത്യാഘാതത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നു. സ്വകാര്യവഴി പൊതുവഴി ആകുമ്പോൾ, പ്രസ്തുത വഴിയുടെ സമീപസ്ഥമായി സ്ഥിതിചെയ്യുന്നതും ഇപ്പോൾ പ്രവർത്തിക്കാത്തതുമായ കരിങ്കൽമട (പാറമട)യുടെ ഭാവി പ്രവർത്തനത്തിന് പരിസ്ഥിതി നിയമ പ്രകാരം തടസ്സങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. പദ്ധതി ബാധിതരിൽ നാലു പേർ മേൽപ്പറഞ്ഞ പാറമടയുടെ ഉടമസ്ഥരോ, അവരുടെ ബന്ധുക്കളോ ആണ്. പദ്ധതി പൂർത്തീകരണത്തിലൂടെ പ്രദേശത്ത് ഉണ്ടാകുന്ന നേട്ടങ്ങൾ അനവധിയാണ്. പദ്ധതി പ്രയോജനം ലഭ്യമാവുന്ന ആളുകളെ രണ്ട് വിഭാഗമായി തിരിക്കാം. ഒന്ന് വൻതോതിൽ ഭൂമി ഉള്ളവരും, പദ്ധതി മൂലം വലിയ സാമ്പത്തിക നേട്ടം കൈവരിക്കുന്നവരും രണ്ടാമത്തെ വിഭാഗം 5 ആദിവാസി കുടുംബങ്ങളുമാണ്. പദ്ധതി അവരുടെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കും. എന്നാൽ സ്വകാര്യ വസ്തുക്കളാൽ വലയപ്പെട്ട അവരുടെ ഭവനങ്ങൾക്ക് സ്വന്തം വീടുകൾ വരെ ഗതാഗത സൗകര്യം ലഭ്യമായാൽ മാത്രമേ പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ലഭ്യമാവുകയുള്ളൂ.

MULLANKUZHY KOTTAYAM-2 COLLECTORATE P.O.

1.6.പ്രത്യാഘാതലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായലഘൂകരണ നടപടി കൾ |
|---|---|---|---|
| 1. | ഭൂമിയുടെ നഷ്ടം. | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2. | സ്വന്തം ഉടമസ്ഥയിലുള്ള വഴിയുടെ നഷ്ടം | നഷ്ടപരിഹാരം | എന്തിനു വേണ്ടി വഴി ഉപയോഗിച്ചിരുന്നുവോ ആ ഉപയോഗം നിലനിർത്തുക |
| 3 | വീടുകളിലേക്കും ശേഷിക്കുന്ന ഭൂമിയിലേ ക്കുമുള്ള പ്രവേശനമാർഗ്ഗ ങ്ങളുടെ നഷ്ടം | പുനർനിർമ്മാണം | നിലനിർത്തുക. സാധ്യമല്ലെങ്കിൽ നഷ്ടപരിഹാരം നൽകുകയുംചെയ്യുക. |
| 4. | ഭൂമിഏറ്റെടുക്കൽ നടപടിക്ര മങ്ങളിൽ പദ്ധതി ബാധി തരെയും പദ്ധതി ഉപഭോക്താക്കളെയും ഉൾപ്പെടുത്തുക. | നിയന്ത്രണം | സുതാര്യത, പൊതുജന പങ്കാ ളിത്തം . |
| 5. | പരാതി പരിഹാരം | നിയന്ത്രണം | പരാതി പരിഹാരസമിതിയുടെ രൂപീകരണവും പ്രവർത്തനവും |

1.7. **സാമൂഹ്യപ്രത്യാഘാതവിലയിരുത്തൽ**

പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത് വലിയ അളവിൽ ഭൂമി കൈവശമുള്ള മൂന്ന് ഭൂവുടമകൾക്കും 5 ആദിവാസി കുടുംബങ്ങൾക്കുമാണ്. എന്നാൽ ആദിവാസി കുടുംബങ്ങൾക്ക് അവരുടെ ഭവനങ്ങൾ വരെ ഗതാഗത സൗകര്യം ലഭ്യമാകണമെങ്കിൽ പദ്ധതിമൂലം പ്രയോജനം ലഭ്യമാവുന്ന സ്വകാര്യ ഭൂവുടമകൾ അവരുടെ ഭൂമിയിലൂടെ സൗകര്യം ചെയ്തു കൊടുക്കേണ്ടതുണ്ട്. ഇപ്രകാരം സൗകര്യം ചെയ്ത് കൊടുക്കുന്നില്ല എങ്കിൽ പദ്ധതി കേവലം മൂന്ന് ഭൂവുടമകൾക്ക് ഗതാഗത സൗകര്യം ചെയ്ത് കൊടുക്കുന്ന പദ്ധതിയായി മാറ്റപ്പെടും. അതുകൊണ്ട് തന്നെ പദ്ധതിയുടെ പൊതുതാൽപര്യം ഇല്ലാതാവുകയും ചെയ്യും. എന്നാൽ ആറോളം വരുന്ന ആദിവാസി കുടുംബങ്ങൾക്ക് അവരുടെ ഭവനങ്ങൾ വരെ ഗതാഗത സൗകര്യം ലഭ്യമാക്കുന്ന പദ്ധതിയായി ഈ പദ്ധതിയെ പുനക്രമീകരിച്ചാൽ പദ്ധതിയുടെ പൊതു താൽപര്യം സുവ്യക്തം ആകും.

ആറ് ഭൂവുടമകൾക്ക് കുറഞ്ഞ അളവിൽ ഭൂമി നഷ്ടപ്പെടുന്നു എന്നുള്ളതാണ് പദ്ധതിയുടെ പ്രാഥമിക പ്രത്യാഘാതം. ഇപ്പോൾ ഉപയോഗത്തിലുള്ള സ്വകാര്യവഴി വികസിപ്പിച്ച് പൊതുവഴി ആക്കുന്ന പദ്ധതി പ്രത്യാഘാതത്തിന്റെ വ്യാപ്തി പരിഗണിക്കുമ്പോൾ വളരെ ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്. എന്നാൽ പദ്ധതി ബാധിതയായ ഒരു സ്ത്രീ നാഥയായ കുടുംബത്തിന്റെ ഭൂമി രണ്ടായി വിഭജിക്കപ്പെടുകയും, ഒരു ഭാഗം പൂർണ്ണമായും ഉപയോഗ ശൂന്യമായി തീരുകയും ചെയ്യും എന്ന ഒരു വസ്തുത പദ്ധതിയുടെ എടുത്തു പറയേണ്ട പ്രത്യാഘാതമായി കണക്കാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം പൊതുതാൽപര്യം തുലോം കുറവുള്ള ഒരു പദ്ധതിക്ക് വേണ്ടി കൂടുതൽ ഭൂമിഏറ്റെടുക്കുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തും എന്നുള്ളതുകൊണ്ട് തന്നെ, വഴിയുടെ രൂപരേഖ തയ്യാറാക്കുമ്പോൾ തുണ്ട് ഭൂമി രൂപപ്പെടാത്ത വിധം രൂപകൽപന നടത്തുന്നത് മേൽപറഞ്ഞ നഷ്ടം നികത്താൻ സഹായകമാണ്. കൂടാതെ സമീപ പ്രദേശത്ത് പ്രവർത്തിച്ചു

MULLANKUZHY KOTTAYAM-2 COLLECTORATE P.O.

കൊണ്ടിരുന്ന ഇപ്പോൾ പ്രവർത്തിക്കാത്തതുമായ ഒരു കരിങ്കൽ മടയുടെ ആവശ്യത്തിനു വേണ്ടി രൂപപ്പെടുത്തിയ സ്വകാര്യ വഴിയാണ് ഏറ്റെടുത്ത് പൊതുവഴിയായി മാറ്റപ്പെടുന്നത്. ഇപ്രകാരം പൊതുവഴി രൂപപ്പെടുമ്പോൾ, പരിസ്ഥിതി നിയമ പ്രകാരം പാറമടയുടെ പ്രവർത്തനത്തിന് തടസ്സങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്.

നിർദ്ദേശിക്കപ്പെട്ട ബദൽ മാർഗ്ഗങ്ങളുടെ സാധ്യത സംബന്ധമായി സാങ്കേതിക പഠനങ്ങൾ നടത്തേണ്ടതുണ്ട്. ആദിവാസി കുടുംബങ്ങൾ ഒഴിച്ചുള്ള പദ്ധതി ഉപഭോക്താക്കൾ തരിയോട് റിസർവോയർ പദ്ധതി കമ്മീഷൻ ചെയ്യുന്ന സമയത്ത് പദ്ധതി പ്രദേശത്ത് താമസിച്ചിരുന്നവർ അല്ല. അതുകൊണ്ട് തന്നെ ബാണാസുര പദ്ധതിയുടെ പുനരധിവാസ- പുനർവാസ നടപടികളിൽ ഉൾപ്പെടാൻ സാങ്കേതികമായി അവകാശം ഇല്ലാത്തവരാകുന്നു. എന്നാൽ ലഭ്യമായിരുന്ന ഗതാഗത സൗകര്യം നഷ്ടപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് അവരുടെ സാമൂഹ്യ-സാമ്പത്തിക പുരോഗതിക്ക് പദ്ധതി വലിയ സഹായം ചെയ്യും. എന്നതിൽ രണ്ട് പക്ഷമില്ല. അതുകൊണ്ട് തന്നെ സർക്കാർ പ്രദേശവാസികളായ ആദിവാസി കുടുംബങ്ങൾക്ക് അവരുടെ ഭവനങ്ങളിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപന പദ്ധതിയായി പുനർരൂപ കൽപ്പന നടത്തി പദ്ധതി നടപ്പാക്കണമെന്നുംമേൽപ്പറഞ്ഞ പൊതു താൽപര്യം കണക്കാക്കി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും, പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013 (30-2013) സെക്ഷൻ 2(1)(ബി)(iii) പ്രകാരം പൊതു താൽപര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമിഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകാവുന്നതും ആണ്.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

# അദ്ധ്യായം 2- പദ്ധതി വിശദീകരണം

## 2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

1970 കളിൽ ആശയം കൊണ്ട ബാണാസുര ജലസേചന പദ്ധതി, വയനാട് ജില്ലയുടെ ജലദൗർലഭ്യം പരിഹരിക്കാനുള്ള പദ്ധതി ആയാണ് വിഭാവനം ചെയ്തിരിക്കുന്നത്. കനാൽ ജലസേചനത്തിലൂടെ ജില്ലയുടെ മൂന്നിൽ രണ്ട് ഭാഗത്ത് ജലം എത്തിക്കാൻ ആണ് പദ്ധതി ഉദ്ദേശം വച്ചിരുന്നത്. എന്നാൽ 1980 കളുടെ ആരംഭത്തിൽ സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിട്ട കാലഘട്ടത്തിൽ പദ്ധതിയിൽ നിന്നും ജലവൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി രൂപപ്പെടുത്തുകയും ആയത് കുറ്റ്യാടി ജല വൈദ്യുത പദ്ധതി എന്ന് അറിയപ്പെടുകയും ചെയ്തു. കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ നടപ്പാക്കലോടെ ബാണാസുര ജലസേചന പദ്ധതിയിൽ കൂടുതൽ അളവ് ജലം സംഭരിക്കേണ്ടുന്നതിന്റെ ആവശ്യകത രൂപപ്പെടുകയും, ഇപ്രകാരം അധിക ജലം സംഭരിസംഭരിക്കുമ്പോൾ മുങ്ങിപ്പോകുന്ന തരിയോട് പട്ടണം, സമീപ പ്രദേശങ്ങൾ എന്നിവയ്ക്ക് വേണ്ടി പുനരധിവാസ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും ഉദ്ദേശം 150 കുടുംബങ്ങൾ അധിവസിക്കുന്ന പ്രദേശം വെള്ളത്താൽ മൂടപ്പെടുകയോ, ഒറ്റപ്പെടുകയോ ചെയ്യും എന്ന് കണക്കാക്കി അവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ സർക്കാർ തയ്യാറാക്കി. എന്നാൽ 150 കുടുംബങ്ങളിൽ നാമമാത്ര കുടുംബങ്ങൾ മാത്രമാണ് സർക്കാരും, തരിയോട് പഞ്ചായത്തും സംയുക്തമായി തയ്യാറാക്കിയ പുനരധിവാസ പ്രവർത്തനങ്ങളുമായി സഹകരിച്ചത്. കൂടാതെ ഏറ്റെടുക്കാൻ ഉദ്ദേശിച്ച 150 ഹെക്ടറിന് പകരം കേവലം 15 ഹെക്ടർ സ്ഥലം മാത്രമാണ് ഗവൺമന്റിന് ലഭ്യമായത്. എന്നാൽ പ്രദേശവാസികളും, തരിയോട് ഗ്രാമത്തിന് പുറത്തുള്ളവരും, കൂട്ടമായി വസ്തു കൈവശക്കാരിൽ നിന്ന് സർക്കാർ നിശ്ചയിച്ച വിലയിൽ കൂടുതൽ നൽകി സ്വന്തമാക്കുകയായിരുന്നു. ഇപ്രകാരം ഭൂമി സ്വന്തമാക്കിയവർ പലരും ഈ പ്രദേശങ്ങളിൽ ഹോട്ടൽ പോലുള്ള വ്യവസായങ്ങൾ ആരംഭിക്കുകയോ, കൃഷി ഭൂമിയാക്കി മാറ്റുകയോ ചെയ്തു. ഇപ്രകാരം വസ്തു സ്വന്തമാക്കിയ മൂന്ന് ഭൂവുടമകളും, അഞ്ച് ആദിവാസി കുടുംബങ്ങളുമാണ്, പഠനം നടത്തുന്ന പദ്ധതിയായ പുനർവാസ റോഡിന്റെ ഉപഭോക്താവ്. ഇതിൽപ്പെടുന്ന ശ്രീമതി അമ്മിണി ജോയി തങ്ങൾക്ക് വീടുകളിലേക്കും, ഉടമസ്ഥതയിലുള്ള ഭൂമിയിലേക്കുമുള്ള പ്രവേശന മാർഗ്ഗം പുനസ്ഥാപിച്ച് നൽകണം എന്ന് കെ.എസ്.ഇ.ബി യോട് ആവശ്യപ്പെടുകയും തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കുകയും ആയിരുന്നു. ബഹു.കേരള ഹൈക്കോടതി ടി ആവശ്യം അംഗീകരിക്കുകയും പ്രവേശന മാർഗ്ഗം പുനസ്ഥാപിച്ച് നൽകാൻ കെ.എസ്.ഇ.ബി ക്ക് നിർദ്ദേശം നൽകുകയും ആയിരുന്നു. വിധി നടത്തിപ്പിന്റെ ഭാഗമായാണ് ഗവൺമെന്റ് സ്വകാര്യ ഭൂമി ഏറ്റെടുത്ത് വഴി സ്ഥാപിച്ച് നൽകാൻ തീരുമാനിച്ചത്. ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭ നടപടിയായ സാമൂഹ്യ പ്രത്യാഘാത പഠനത്തിന് കേരളാ വോളന്ററി ഹെൽത്ത് സർവ്വീസിനെ ചുമതലപ്പെടുത്തി. കേരളാ വോളന്ററി ഹെൽത്ത് സർവ്വീസ് 2019 ഒക്ടോബർ, നവംബർ മാസങ്ങളിൽ പഠനം നടത്തി ഈ റിപ്പോർട്ട് സമർപ്പിക്കുക ആയിരുന്നു.

### 2.1.1. റിക്വസിഷൻ അധികാരി

#### 2.1.1. (എ). കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്

കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് 1964 ൽ സ്ഥാപിക്കപ്പെട്ടതാണ്. സംസ്ഥാനത്ത് വൈദ്യുതിയുടെ ഉൽപ്പാദനം, വിതരണം എന്നിവയ്ക്ക് ചുമതലപ്പെടുത്തിയ സർക്കാർ ഉടമസ്ഥതയിലുള്ള ബോർഡാണ് കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്. എന്നാൽ 2014ൽ ഇതിനെ പൊതുമേഖലാ സ്ഥാപനമാക്കി മാറ്റാനുള്ള നടപടികൾ ഗവൺമെന്റ്

KERALA ... MULLANKUZHY KOTTAYAM-2 COLLECTORATE P.O.

ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജല വൈദ്യുത പദ്ധതികളുടെയും നടത്തിപ്പും മേൽ നോട്ടവും കെ.എസ്.ഇ.ബി ക്കാണ്. ഏറ്റവും താഴെ സെക്ഷൻ ഓഫീസുകളും അതിന് മുകളിൽ സബ് ഡിവിഷൻ, ഡിവിഷൻ, ഏരിയ ഓഫീസുകളും പ്രവർത്തിക്കുന്നു. കെ.എസ്.ഇ.ബി. യെ ഗവൺമെന്റ് പ്രത്യേക വകുപ്പായി കണക്കാക്കി മന്ത്രിയെ നിയമിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് റിസേർച്ച് ഡാം സേഫ്റ്റി ഡിവിഷൻ ഓഫീസ്, ബാണാസുര സാഗർ, വയനാട് ആണ് ഏറ്റെടുക്കൽ സംബന്ധമായ താൽപ്പര്യം ഗവൺമെന്റിനെ അറിയിച്ച് നടപടികളുമായി മുന്നോട്ട് പോകുന്നത്.

### 2.1.2. ഭൂമിഏറ്റെടുക്കൽ - കാര്യ നിർവ്വഹണവിഭാഗം

തഹസിൽദാർ (ഭൂരേഖ) വൈത്തിരി ആണ് ഏറ്റെടുക്കൽ ഭൂമി സംബന്ധമായ രേഖകൾ തയ്യാറാക്കുകയും മറ്റ് നടപടിക്രമങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളത്. ഡപ്യൂട്ടി കളക്ടർ (ഭൂമിഏറ്റെടുക്കൽ) വയനാടിന്റെ മേൽനോട്ടത്തചന്റ ജില്ലാ കളക്ടർ വയനാടിന്റെ നേതൃത്വത്തിൽ ആണ് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുള്ളത്.

### 2.2. പദ്ധതിയുടെ പൊതുആവശ്യ പ്രസക്തി

പദ്ധതിയുടെ പൊതു താൽപ്പര്യ പ്രസക്തി കണക്കാക്കുമ്പോൾ രണ്ട് കാര്യങ്ങൾ വിശദീകരിക്കേണ്ടതുണ്ട്. പദ്ധതി ഉപഭോക്താവായ ശ്രീമതി അമ്മിണി ജോയി ഹൈക്കോടതിയിൽ നൽകിയ പരാതിയിൽ അതിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ വിധിയും ആണ് പദ്ധതിയുടെ കാരണമായി വെളിപ്പെടുന്നത്. രണ്ടാമതായി ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിലെ സാമൂഹ്യ പ്രത്യാഘാത പഠനത്തിലെ പൊതു താൽപര്യ പ്രസക്തി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവ് അനുസരിച്ച് രൂപപ്പെടുത്തിയിരിക്കുന്ന പദ്ധതിയുടെ പൊതുതാൽപ്പര്യം കോടതി നടപടിക്രമങ്ങളിൽ പരിശോധിക്കപ്പെട്ടിരുന്നു എന്ന് കരുതാവുന്നതാണ്. എന്നാൽ കേസിനാസ്പദമായ കാര്യങ്ങൾ വിശകലനം ചെയ്തതിൽ നിന്നും പ്രദേശവാസികളായ ആറ് ആദിവാസി കുടുംബങ്ങളുടെ ഗതാഗത സൗകര്യത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട് എന്ന് കാണാവുന്നതാണ്. അതുകൊണ്ട് തന്നെ പദ്ധതി ഉപഭോക്താക്കളായ ഭൂരിഭാഗം വരുന്ന ആദിവാസികളുടെ ഗതാഗത പ്രശ്നവുമായി പദ്ധതിയുടെ പൊതു താൽപ്പര്യം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കാണാവുന്നതാണ്.

പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത് വലിയ അളവിൽ ഭൂമി കൈവശമുള്ള മൂന്ന് ഭൂവുടമകൾക്കും അഞ്ച് ആദിവാസി കുടുംബങ്ങൾക്കുമാണ്. എന്നാൽ ആദിവാസി കുടുംബങ്ങൾക്ക് അവരുടെ ഭവനങ്ങൾ വരെ ഗതാഗത സൗകര്യം ലഭ്യമാകണമെങ്കിൽ പദ്ധതിമൂലം പ്രയോജനം ലഭ്യമാവുന്ന സ്വകാര്യ ഭൂവുടമകൾ അവരുടെ ഭൂമിയിലൂടെ സൗകര്യം ചെയ്തു കൊടുക്കേണ്ടതുണ്ട്. ഇപ്രകാരം സൗകര്യം ചെയ്ത് കൊടുക്കുന്നില്ല എങ്കിൽ പദ്ധതി കേവലം മൂന്ന് ഭൂവുടമകൾക്ക് ഗതാഗത സൗകര്യം ചെയ്ത് കൊടുക്കുന്ന പദ്ധതിയായി മാറ്റപ്പെടും. അതുകൊണ്ട്തന്നെ പദ്ധതിയുടെ പൊതുതാൽപ്പര്യം ഇല്ലാതാവുകയും ചെയ്യും. എന്നാൽ ഏഴോളം വരുന്ന ആദിവാസി കുടുംബങ്ങൾക്ക് അവരുടെ ഭവനങ്ങൾ വരെ ഗതാഗത സൗകര്യം ലഭ്യമാക്കുന്ന പദ്ധതിയായി ഈ പദ്ധതിയെ പുനക്രമീകരിച്ചാൽ പദ്ധതിയുടെ പൊതുതാൽപ്പര്യം സുവ്യക്തം ആകും

KERALA VHS COLLECTORATE P.O. MULLANKUZHY KOTTAYAM-2

2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | എണ്ണം | പ്രത്യാഘാതത്തിന്റെ തീവ്രത | ലഘൂകരണ നടപടികൾക്ക്ശേഷം ഉണ്ടാകാവുന്ന തീവ്രത |
|---|---|---|---|---|
| 1. | വസ്തുവിന്റെ നഷ്ടം | 6 | കുറഞ്ഞത് | കുറഞ്ഞത് |
| 2 | ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | 6 | കുറഞ്ഞത് | കുറഞ്ഞത് |
| 3 | താമസ ഭവനങ്ങളുടെ പ്രവേശന മാർഗ്ഗങ്ങളുടെ തടസ്സം | 2 | കുറഞ്ഞത് | കുറഞ്ഞത് |
| 4 | തുണ്ടു ഭൂമികളുടെ രൂപപ്പെടൽ | 1 | മധ്യമം | കുറഞ്ഞത് |

2.3.1. പദ്ധതി പ്രദേശം

കോഴിക്കോട്- മാനന്തവാടി ദേശീയ പാതയിൽ, വൈത്തിരി ജംഗ്ഷനിൽ നിന്നും 17 കിലോമീറ്ററും, വൈത്തിരി- മാനന്തവാടി സംസ്ഥാന പാതയിൽ നിന്നും ഒരു കിലോമീറ്ററും മാറി, ബാണാസുരസാഗർ, ജലസംഭരണിയുടെ തെക്ക്കിഴക്ക് ഭാഗത്താണ് പദ്ധതി പ്രദേശം. ജലസംഭരണി വരുന്നതിന് മുമ്പ് ജന നിബിഡമായിരുന്ന പദ്ധതി പ്രദേശത്ത് ഇന്ന് നാമമാത്ര താമസ്സഭവനങ്ങൾ മാത്രമാണ് ഉള്ളത്. അഞ്ച് ആദിവാസി കുടുംബങ്ങൾ ഈ പ്രദേശത്ത് താമസിക്കുന്നു. കാവുമന്ദം വില്ലേജിൽ, വൈത്തിരി താലൂക്കിൽ, വയനാട് ജില്ലയിൽ സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശത്തോട് ചേർന്ന് പ്രവർത്തനം നിർത്തി വച്ച ഒരു കരിങ്കൽ മടയും സ്ഥിതിചെയ്യുന്നു. കൽപ്പറ്റയിൽ നിന്നും 20 കി.മീ.അകലെയാണ് പദ്ധതി പ്രദേശം. കാർഷികപ്രധാനമായ പ്രദേശത്തോട് ചേർന്ന് റവന്യൂ- വന ഭൂമികൾ ഉണ്ട്.

2.4. പദ്ധതി നിർവ്വഹണഘട്ടം

ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പ്രാരംഭമായ സാമൂഹ്യ പ്രത്യാഘാത പഠനത്തിന് പദ്ധതി പ്രദേശം വിധേയമാക്കിയിരിക്കുകയാണ്.

2.5. പദ്ധതി രൂപരേഖയുടെവിശദാംശങ്ങൾ

ബാധകമല്ല

2.6. പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

ബാധകമല്ല

2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

ബാധകമല്ല

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

ബാധകമല്ല

2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമിഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013 | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമിഏറ്റെടുക്കൽ നിയമം 1893<br>ഭൂമിഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമിഏറ്റെടുക്കൽ നിയമം 1961<br>ഭൂമിഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ | ഭൂമിഏറ്റെടുക്കൽ |
| 3 | കേരള - കടകളും-സ്ഥാപന നിയമവും | പുനരധിവാസം |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം 3
## സാമൂഹിക പ്രത്യാഘാത പഠനം - സമീപനവും രീതി ശാസ്ത്രവും

3.1. പശ്ചാത്തലം

ജി.ഒ.(എം.എസ്) നം. 11/2019/പവർ തീയതി 01/06/2019 പ്രകാരം കേരള സർക്കാർ സാജു.വി. ഇട്ടി. എക്സിക്യുട്ടീവ് ഡയറക്ടർ കേരളാവി.എച്ച്.എസ്സ് നേയും അദ്ദേഹത്തിന്റെടീമിനെയും ബാണാസുര സാഗർ ജല സേചന പദ്ധതി കപ്പുംകുന്നു വിതരണ കനാൽ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റ് ആയി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി 2019 മാർച്ച് മാസം മുതൽ 2019 ജൂൺ മാസം വരെ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയായിരുന്നു.

3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | ടീം ലീഡർ | 26വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുന സ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവര ശേഖരണ ത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുന സ്ഥാപന വിദഗ്ദൻ സാമൂഹിക വിവരശേ ഖകൻ | 11 വർഷത്തെ പ്രവർത്തന പരി ചയം |
| 3. | സ്മിത ആർ | പുനരധിവാസ പുന സ്ഥാപന വിദഗ്ദ സാമൂഹിക വിവരശേ ഖക | 16 വർഷത്തെ പ്രവർത്തന പരി ചയം |
| 4. | എം.ഇബ്രാഹിംകുട്ടി | സാമൂഹിക ശാസ്ത്ര ജ്ഞൻ | Rtd.ജോയിന്റ് ഡയറക്ടർ സോഷ്യൽ വെൽഫെആക്ത ബോർഡ് 36 വർഷത്തെ പ്രവർത്തി പരി ചയം |
| 5. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവരക്രോഡീക രണം | 26വർഷത്തെ പ്രവർത്തി പരി ചയം |
| 6. | എൻ.വിജയകുമാര പചന | ഉപദേശകൻ- ഭൂമിഏറ്റെടുക്കൽ | Rtd. റവന്യു ഇൻസ്പെക്ടർ |
| 7. | ഒ.സി.ചാണ്ടി | ഉപദേശകൻ- ഭൂമിഏറ്റെടുക്കൽ | Rtd. വില്ലേജ്ഓഫീസർ |

3.3. പഠന സമീപനം

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കചന്റ കാവുമന്ദം വില്ലേജിൽ ഉൾപ്പെടുന്ന പദ്ധതി പ്രദേശം ഉദ്ദേശം രണ്ടായിരത്തോളം ആളുകൾ അധിവസിക്കുന്ന സ്ഥലമാണ്. പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ്ഓഫീസ് , സെപ്ഷ്യൽ തഹസിൽദാർ ഓഫീസ് താലൂക്ക് ഓഫീസ്, പഞ്ചായത്ത്, ഓഫീസ്, എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതരുടെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് ഓരോ പദ്ധതി ബാധിത കുടുംബത്തെയും സന്ദർശിച്ച് സാമൂഹിക - സാമ്പത്തിക-സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി ബാധിതരുടെ കൂട്ടായ ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. പദ്ധതി ബാധിതർക്ക് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശങ്ങളിലൂടെ യാത്രകൾ സംഘടിപ്പിക്കുകയും ഉണ്ടായി. ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു.

### 3.4. പദ്ധതിയുടെ രീതിശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

പദ്ധതി സംബന്ധമായി ലഭ്യമായ എല്ലാ രേഖകളും വിവിധ ഓഫീസുകളിൽ നിന്നും ശേഖരിക്കുകയും പദ്ധതി പ്രദേശങ്ങളിൽ നിരന്തരം സന്ദർശിക്കുകയും വിവിധ വ്യക്തികളുമായി കൂടിയാലോചനകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ബാധിതരെ കണ്ടെത്തുകയും അവരുമായി നേർക്കുനേർ സംസാരിച്ച് മുൻ തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരശേഖണം നടത്തുകയും ഉണ്ടായി. ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും പദ്ധതി ബാധിതരുമായി കൂടിയാലോചനകൾ നടത്തി സാമൂഹിക പ്രത്യാഘാതത്തിന്റെ വ്യാപ്തിയും തോതും വിവിധ ഗവേഷണ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി വിശകലനം ചെയ്യുകയാണ് ഉണ്ടായത്. മേൽപ്പറഞ്ഞ വിവരശേഖരണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ ആണ് കരട് റിപ്പോർട്ട് തയ്യാറാക്കിയത്.

### 3.5. വിവരശേഖരണകേന്ദ്രങ്ങൾ

1. തഹസിൽദാർ, (ഭൂരേഖ) വൈത്തിരി
2. പഞ്ചായത്ത്, തരിയോട്
3. കെ.എസ്.ഇ.ബി, പടിഞ്ഞാറത്തറ
4. കാവുമന്ദം വില്ലേജ്ഓഫീസ്.
6. പദ്ധതി ബാധിതരായ കുടുംബങ്ങളും ഭൂഉടമകളും

### 3.6. നടപടികളും സമയക്രമങ്ങളും

26/09/2019 - സാജു.വി.ഇട്ടി, എക്സിക്യൂട്ടീവ് ഡയറക്ടർ കേരളാവി.എച്ച്.എസ്സ് നെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് ജില്ലാ കളക്ടർ നിയോഗിച്ചു.
22/10/2019 24/10/2019 - സെക്കന്ററി വിവരശേഖരണം
25/10/2019 - 26/10/2019- ബന്ധപ്പെട്ട കക്ഷികളെ കണ്ടെത്തൽ
26/10/2019 - 01/11/2019 - സാമൂഹികസർവ്വേ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

27/10/2019 & 28/10/2019- പദ്ധതി ബാധിതരുടെ യോഗം/പദ്ധതി ബാധിതരായ ഭൂ ഉടമസ്ഥരുമായുള്ള കൂടിക്കാഴ്ച

01/10/2019 & 02/10/2019 - ട്രാൻസിറ്റ് വോക്ക്, ഒബ്സർവേഷണൽ സ്റ്റഡി, വ്യക്തിഗത പഠനങ്ങൾ

18/11/2019 - കരട് റിപ്പോർട്ട്

15/12/2019 — - അന്തിമ റിപ്പോർട്ട്

3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയ ബന്ധിതമായ ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങൾ പദ്ധതിയുടെ പ്രത്യാഘാതം വളരെയധികം കുറയ്ക്കും.
2. ഭൂമിയിലേക്കും വീടുകളിലേക്കുമുള്ള ഗതാഗത സൗകര്യങ്ങൾ നിലവിലുള്ള രീതിയിൽ പുനഃസ്ഥാപിക്കണം.
3. ഭൂമിക്ക് ന്യായമായ വില ലഭ്യമാക്കണം
4. നഷ്ടപരിഹാരം ലഭ്യമാക്കിയതിനു ശേഷം മാത്രം ഭൂമി ഏറ്റെടുക്കൽ ആരംഭിക്കണം.
5. ഭൂമി ഏറ്റെടുക്കൽ, പുനരധിവാസ നടപടികൾ മുൻകൂട്ടി പദ്ധതി ബാധിതരെ അറിയിക്കുകയും ശരിയായ കൂടിയാലോചനകൾ നടത്തുകയും വേണം.
6. പദ്ധതി പ്രദേശത്തെ താമസ ഭവനങ്ങളുടെ സുരക്ഷ പദ്ധതി നിർവഹണസമയത്തും പൂർത്തീകരണത്തിനു ശേഷവും ഉറപ്പു വരുത്തണം.

3.8. പൊതു അഭിപ്രായ സ്വീകരണം

09/12/2019 ൽ തരിയോട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാളിൽ വച്ച് നടന്ന പൊതു അഭിപ്രായ സ്വീകരണത്തിൽ (ഫോറം-5, റൂൾ 14(1), ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥപാനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013) പദ്ധതി ബാധിതർ ഉന്നയിച്ച പ്രധാന കാര്യങ്ങൾ

| ക്രമ നം. | നിർ ദ്ദേശങ്ങൾ | വിശദീകരണം |
|---|---|---|
| 1 | പദ്ധതി ഉപഭോക്താക്കളായ ആറ് ആദിവാസി കുടുംബങ്ങൾക്ക് ഗതാഗത സൗകര്യത്തിനായി പദ്ധതി എത്രയും വേഗം നടപ്പാക്കണമെന്ന് തരിയോട് പഞ്ചയത്ത് വാർഡ് മെംബർ ശ്രീ.റ്റോം തോമസ്സ്, ആവശ്യപ്പെട്ടു. | പദ്ധതിയുടെ പൊതുതാൽപര്യം നിർവചിക്കപ്പെട്ടിരിക്കുന്നത് തന്നെ ഈ ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ്. |
| 2 | പദ്ധതി പ്രദേശത്ത് താമസിക്കുന്ന ആദിവാസികൾക്ക് അവരുടെ ഭൂമിയിലേക്ക് വരെ ഗതാഗത സൗകര്യം ലഭ്യമാക്കാൻ ഭൂമി വിട്ടുകൊടുക്കൽ അടക്കമുള്ള കാര്യങ്ങൾ ചെയ്ത് കൊള്ളാമെന്ന് പദ്ധതിയുടെ ഉപഭോക്താക്കളായ ശ്രീമതി അമ്മിണി ജോയിയും, ശ്രീ.കിരൺലാൽ, ശ്രീ.മാത്യു ജോർജ്ജ്, ശ്രീ.ഇ.ദേവരാജൻ | ഇവരുടെ സന്നദ്ധതയെ ക്രോഡീകരിക്കുവാൻ പഞ്ചായത്ത് മെമ്പറും റിക്വസിഷൻ ഏജൻസി പ്രതിനിധിയും യോഗത്തെ അറിയിച്ചു. |

KERALA VHS ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

| | | |
|---|---|---|
| | എന്നിവർക്ക് വേണ്ടി ഹാജരായ ശ്രീ.ബേബിയും യോഗത്തെ അറിയിച്ചു. | |
| 3 | തങ്ങൾ നടത്തിവന്നിരുന്നതും എന്നാൽ ഇപ്പോൾ പ്രവർത്തനം ഇല്ലാത്തതുമായ പാറമടയുടെ ഭാവി പ്രവർത്തനത്തിന് തടസ്സമുണ്ടാകാത്ത രീതിയിൽ ആവണം പദ്ധതിയുടെ സ്ഥാപനം എന്ന് ഭൂവുടമസ്ഥരായ തെ ങ്ങട എബ്രാഹം, ഒ.ഡി.തോമസ്സ്, എന്നിവർ ആവശ്യപ്പെട്ടു. | ജില്ലാ കളക്ടറുമായുള്ള യോഗത്തിൽ ഇക്കാര്യങ്ങൾ അവതരിപ്പിക്കാവുന്നത് ആണ് എന്ന് ഏറ്റെടുക്കൽ അധികാരി പ്രതിനിധി യോഗത്തെ അറിയിച്ചു. |
| 4 | വർഷങ്ങളായി പദ്ധതി പ്രദേശത്ത് താമസിക്കുന്ന ഞങ്ങൾക്ക് പദ്ധതി വരുന്നതിനോടൊപ്പം ഞങ്ങളുടെ വീടുകൾ വരെ ഗതാഗത സൗകര്യം ലഭ്യമാക്കണമെന്ന് ആദിവാസി ഊരു മൂപ്പനും ശ്രീമതി വെള്ളത്തിയും അറിയിച്ചു. | ഈ ആവശ്യം പദ്ധതിയുടെ പൊതുതാൽപ്പര്യവുമായി ബന്ധപ്പെട്ടിരിക്കുന്നതായി റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുണ്ട്. |
| 5 | ഏറ്റെടുക്കുന്ന ഭൂമിക്ക് ന്യായമായ വില ലഭ്യമാക്കണം. | ഭൂമി ഏറ്റെടുക്കൽ നടപടികളിൽ ഇക്കാര്യം നിർവചിക്കപ്പെട്ടിട്ടുണ്ട്. |
| 6. | പദ്ധതി നടപ്പാകുമ്പോൾ ഇപ്പോഴത്തെ രൂപരേഖ അനുസരിച്ച് പദ്ധതി നടപ്പാകുമ്പോൾ രൂപപ്പെടാൻ സാധ്യതയുള്ള തുണ്ടു ഭൂമിയും കൂടി സർക്കാർ ഏറ്റെടുക്കണമെന്ന് ശ്രീമതി അന്നമ്മ ജോയി ആവശ്യപ്പെട്ടു. | റി പ്പോർട്ടും ഇക്കാര്യം ചൂണ്ടികാണിക്കുന്നു. |

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

## അദ്ധ്യായം 4 - പദ്ധതി ഭൂമിയുടെ വിശകലനം

### 4.1. ഭൂമിയുടെ വിവരണം

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ കാവുമന്ദം വില്ലേജിൽപ്പെടുന്ന 0.0852 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ആറ് ഭൂഉടമകളുടെ ഉടമസ്ഥതയിലുള്ളതാണ് പദ്ധതി ഭൂമി. സമീപസ്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പാറമടയിലേക്കും പ്രദേശവാസികളുടെ ഭവനങ്ങളിലേക്കും ഗതാഗതസൗകര്യത്തിന് ഉപയോഗപ്പെടുത്തിയിരുന്ന സ്വകാര്യവഴിയും അതിനെ വിപുലപ്പെടുത്താൻ ആവശ്യമായി രണ്ട് വശങ്ങളിൽ നിന്നും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പുരയിട ഭൂമിയും ഉൾപ്പെടുന്നതാണ് പദ്ധതി ഭൂമി. ഈ ഭൂമിയുടെ ഒരു ഭാഗം റവന്യൂ ഭൂമിയാണ്. യാതൊരുവിധ ചമയങ്ങളോ, കെട്ടിടങ്ങളോ പദ്ധതി ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല. ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ ജലസംഭരണ പ്രദേശത്ത് നിന്നും 50-200 മീറ്റർവരെ അകലത്തിലാണ് പദ്ധതി പ്രദേശം.

### 4.2. പദ്ധതി പ്രദേശത്തചന്റ ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

സ്വകാര്യ വ്യക്തികൾ കരിങ്കൽ ഖനന (പാറമട) ആവശ്യത്തിനു വേണ്ടി രൂപപ്പെടുത്തിയ സ്വകാര്യ വഴി പൊതുവഴിയായി രൂപപ്പെടുന്നു എന്നുള്ളതാണ് പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം. വർഷങ്ങളായി സ്വകാര്യ വഴിയെ ആശ്രയിച്ച് ഗതാഗതം നടത്തിയിരുന്ന ആറ് ആദിവാസി കുടുംബങ്ങൾക്കും രണ്ട് സ്വകാര്യ ഭൂഉടമകൾക്കും അവരുടെ ഉടമസ്ഥതയിലുള്ള ഉദ്ദേശം 20 ഏക്കറോളം ഭൂമിയിലേക്ക് പൊതു വഴി രൂപപ്പെടുന്നു എന്നുള്ളതുകൊണ്ട് തന്നെ പദ്ധതി പ്രദേശത്ത് ഭൂമി വിലയിലുണ്ടാകാവുന്ന വർദ്ധന, വസ്തു കൈമാറ്റങ്ങളിലുണ്ടായേക്കാവുന്ന വർദ്ധന എന്നിവയെല്ലാം പദ്ധതി പ്രദേശത്തിന്റെ പൊതുവായ പ്രത്യാഘാതമായി കണക്കാക്കാവുന്നതാണ്. ബാണാസുരസാഗർ റിസർവോയറിന്റെ തീരം വരെ പൊതുവഴി എത്തപ്പെടുന്നത് വിനോദ സഞ്ചാരമേഖലയെ പ്രോത്സാഹിപ്പിക്കുവാൻ സാധ്യതയുണ്ട്.

### 4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ വിവരണം.

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ കാവുമന്ദം വില്ലേജിൽപ്പെടുന്ന 0.0852 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ആറ് ഭൂഉടമകളുടെ ഉടമസ്ഥതയിലുള്ളതാണ് പദ്ധതി ഭൂമി. സമീപസ്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പാറമടയിലേക്കും പ്രദേശവാസികളുടെ ഭവനങ്ങളിലേക്കും ഗതാഗതസൗകര്യത്തിന് ഉപയോഗപ്പെടുത്തിയിരുന്ന സ്വകാര്യവഴിയും അതിനെ വിപുലപ്പെടുത്താൻ ആവശ്യമായി രണ്ട് വശങ്ങളിൽ നിന്നും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പുരയിട ഭൂമിയും ഉൾപ്പെടുന്നതാണ് പദ്ധതി ഭൂമി. ഈ ഭൂമിയുടെ ഒരു ഭാഗം റവന്യൂ ഭൂമിയാണ്. യാതൊരുവിധ ചമയങ്ങളോ, കെട്ടിടങ്ങളോ പദ്ധതി ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല. ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ ജലസംഭരണ പ്രദേശത്ത് നിന്നും 50-200 മീറ്റർവരെ അകലത്തിലാണ് പദ്ധതി പ്രദേശം.

### 4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗവസ്തുക്കളുടെയും പൊതുസ്വത്തിന്റെയും വിവരണം.

സർക്കാർ വക സ്ഥലം പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്നു

### 4.5.പദ്ധതിക്കുവേണ്ടി ഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റി വയ്ക്കപ്പെടുകയോ, വാടകയ്ക്ക് എടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരണം.

KERALA VHSS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

ബാധകമല്ല

4.6. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്ഥാനം, വിസ്തീർണ്ണം മറ്റു വിവരങ്ങൾ

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ കാവുമന്ദം വില്ലേജിൽപ്പെടുന്ന 0.0852 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ആറ് ഭൂഉടമകളുടെ ഉടമസ്ഥതയിലുള്ളതാണ് പദ്ധതി ഭൂമി. സമീപസ്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പാറമടയിലേക്കും പ്രദേശവാസികളുടെ ഭവനങ്ങളിലേക്കും ഗതാഗത സൗകര്യത്തിന് ഉപയോഗപ്പെടുത്തിയിരുന്ന സ്വകാര്യവഴിയും അതിനെ വിപുലപ്പെടുത്താൻ ആവശ്യമായി രണ്ട് വശങ്ങളിൽ നിന്നും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പുരയിട ഭൂമിയും ഉൾപ്പെടുന്നതാണ് പദ്ധതി ഭൂമി. ഈ ഭൂമിയുടെ ഒരു ഭാഗം റവന്യൂ ഭൂമിയാണ്. യാതൊരുവിധ ചമയങ്ങളോ, കെട്ടിടങ്ങളോ പദ്ധതി ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല. ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ ജലസംഭരണ പ്രദേശത്ത് നിന്നും 50-200 മീറ്റർവരെ അകലത്തിലാണ് പദ്ധതി പ്രദേശം.

4.7. പദ്ധതി ബാധിത പ്രദേശത്തിന്റെസ്വഭാവം, ഘടന, കൃഷിരീതി, ജല ലഭ്യത

| ക്രമ നം. | ഭൂമിയുടെ ഘടന | നിലവിലെ ഉപ യോഗം | ജല ലഭ്യഃ | പുരയിടങ്ങ ളുടെഎണ്ണം |
|---|---|---|---|---|
| 1. | വരണ്ട | താമസസ്ഥലം | ജലസേചന സൗകര്യംഉള്ളത് | 1 |
| 2 | വരണ്ട | തരിശുഭൂമി | ജലസേചന സൗകര്യംഉള്ളത് | 1 |
| 3 | വരണ്ട | സ്വകാര്യ വഴി | ജലസേചന സൗകര്യംഉള്ളത് | 4 |
| 4 | വരണ്ട | സർക്കാർ ഭൂമി | ജലസേചന സൗകര്യംഉള്ളത് | 1 |
| 5 | ആകെ | | | 7 |

4.8. വസ്തുവിന്റെ വിസ്തൃതി, ഉടമസ്ഥതാ സ്വഭാവം, വിവരണം, താമസ ഭവനങ്ങളുടെഎണ്ണം.

പദ്ധതി ബാധിത പ്രദേശത്ത് പുരയിടത്തിന്റെ ശരാശരി വിസ്തീർണ്ണം സംസ്ഥാന ശരാശരിക്ക് മുകളിലായി നിൽക്കുന്നു.. താഴെപ്പറയുന്ന രീതിയിലാണ് പദ്ധതി പ്രദേശത്തെ പുരയിടങ്ങളുടെ ഉമസ്ഥാവകാശം.

| പുരയിടത്തിന്റെ വിസ്തീർണ്ണം | എണ്ണം |
|---|---|
| 50സെന്റ്≤ | 2 |
| 50 സെന്റ്–1 ഏക്കർ | 2 |
| 1 ഏക്കറിന് മുകളിൽ | 2 |
| ആകെ | 6 |

4.9. ഭൂമിവില, ഉടമസ്ഥാവകാശത്തിലെ മാറ്റങ്ങൾ, ഭൂമി കൈമാറ്റം, ഭൂമിയുടെ ഉപയോഗം- കഴിഞ്ഞ 3 വർഷങ്ങളിൽ

ബാധകമല്ല

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം 5
## ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

### 5.1. പദ്ധതി നേരിട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

സാമൂഹ്യ പ്രത്യാഘാത പഠനം ആറ് ഭൂഉടമകളെയാണ് പദ്ധതി ബാധിതരായി കണ്ടെത്തിയിട്ടുള്ളത്. ഇവരിൽ രണ്ട് പേർ പദ്ധതി പ്രദേശത്ത് താമസിക്കുന്നവരും, നാല് പേർ പദ്ധതി പ്രദേശത്ത് ഭൂഉടമസ്ഥത മാത്രം ഉള്ളവരുമാണ്.

### 5.2. പദ്ധതി നേരിട്ട്അല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

വൈത്തിരി താലൂക്കിൽ ഉൾപ്പെടുന്ന എല്ലാ കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം പരോക്ഷമായി ലഭ്യമാകുമെന്നാണ് കരുതപ്പെടുന്നത്. ഈ പദ്ധതി പ്രദേശത്ത് വസിക്കുന്ന ഏകദേശം പത്തോളം കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ ഫലം പരോക്ഷമായി ലഭിക്കുന്നുണ്ടെന്ന് കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. പരോക്ഷമായി പദ്ധതി പ്രതികൂലമായി ബാധിക്കപ്പെടുന്ന കുടുംബങ്ങളുണ്ടെന്ന് തെളിയിക്കപ്പെട്ടിട്ടില്ല.

### 5.3. ഉപയോഗപ്രദമായതും അല്ലാത്തതുമായ ഭൂമിയുടെയും, മറ്റ് സ്വത്തുക്കളുടെയും വിവരങ്ങൾ

പദ്ധതി പ്രദേശത്തെ ഭൂമിഎല്ലാ മാനദണ്ഡങ്ങൾ പ്രകാരവും ഉപയോഗ പ്രദമാണ്.

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

## അദ്ധ്യായം 6

## പദ്ധതി ബാധിതരുടെ സാമൂഹ്യ- സാമ്പത്തിക-സാംസ്കാരിക വിവരങ്ങൾ

### 6.1. ജനസംഖ്യാ വിവരങ്ങൾ

പദ്ധതി ബാധിതരുടെ സാമൂഹിക - സാമ്പത്തിക വിശകലനം സൂചിപ്പിക്കുന്നത് ഒരാൾ ഒഴികെ ആരും തന്നെ സാമ്പത്തിക പിന്നോക്കാവസ്ഥയിൽ അല്ല എന്നാണ്. എന്നാൽ വീടും വരുമാന മാർഗ്ഗവും നഷ്ടപ്പെടുന്നില്ല എന്നുള്ളതുകൊണ്ട് തന്നെ പദ്ധതി ഒരു കുടുംബത്തേയും ഇന്നത്തെ സാമ്പത്തിക നിലവാരത്തിൽ നിന്നും പിന്നോട്ട് നയിക്കുന്നില്ല എന്ന് കാണാവുന്നതാണ്. പദ്ധതി ബാധിതരിൽ രണ്ട് പേർ മാത്രമാണ് പദ്ധതി പ്രദേശത്ത് താമസിക്കുന്നത്. സമീപ പ്രദേശത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന കരിങ്കൽ മടയുടെ ഉടമസ്ഥരോ, ബന്ധുക്കളോ, പരിചയക്കാരോ ആണ് മറ്റു ഭൂഉടമസ്ഥർ. കരിങ്കൽ സുഗമമായി നടത്തിപ്പുമായി ബന്ധപ്പെട്ട് ഭൂമി സ്വന്തമാക്കിയവർ ആണ് മേൽപ്പറഞ്ഞവർ. പദ്ധതി ബാധിതരിൽ എല്ലാവരും ക്രിസ്ത്യൻ മതവിശ്വാത്തിൽ വിശ്വസിക്കുന്നവരാണ്. വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് എല്ലാവരും പത്താം തരത്തിന് മുകളിൽ വിദ്യാഭ്യാസം ഉള്ളവരാണ് എന്നാണ്

### 6.2. പദ്ധതി ബാധിതരായ ഭൂവുടമകളുടെ വയസ്സ് തിരിച്ചുള്ള വിവരണം

| വയസ്സ് | എണ്ണം |
|---|---|
| 20— 30 | 0 |
| 31—40 | 0 |
| 41 — 50 | 2 |
| 51 — 60 | 3 |
| 61 — 70 | 1 |
| ബാധകമല്ല | 1 |
| ആകെ | 7 |

### 6.3. കുടുംബാംഗങ്ങളുടെ എണ്ണം അനുസരിച്ച് ഭൂവുടമകളുടെ വിവരണം.

| കുടുംബാംഗങ്ങളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 1—2 | 0 |
| 3—4 | 5 |
| 5—7 | 1 |
| ബാധകമല്ല | 1 |
| ആകെ | 7 |

### 6.4. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

| വിദ്യാഭ്യാസ നിലവാരം | എണ്ണം |
|---|---|
| 10 ൽ താഴെ | 1 |
| എസ്.എസ്.എൽ.സി | 2 |

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

| | |
|---|---|
| പ്രി ഡിഗ്രി | 1 |
| ബിരുദം | 2 |
| ബാധകമല്ല | 1 |
| ആകെ | 7 |

6.5. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

| മതം | എണ്ണം |
|---|---|
| ഹിന്ദു | 0 |
| മുസ്ലീം | 0 |
| ക്രിസ്ത്യൻ | 6 |
| ബാധകമല്ല | 1 |
| ആകെ | 7 |

6.6. ഭൂവുടമകളുടെ സാമ്പത്തികസ്ഥിതി

| സാമ്പത്തികസ്ഥിതി | എണ്ണം |
|---|---|
| ദാരിദ്ര രേഖയ്ക്ക്മുകളിൽ | 5 |
| ദാരിദ്ര രേഖയ്ക്ക്താഴെ | 1 |
| ബാധകമല്ല | 1 |
| ആകെ | 7 |

6.7. ജോലി അടിസ്ഥാനമാക്കി ഭൂവുടമകൾ

| ഭൂവുടമകളുടെ പ്രധാന തൊഴിൽ | എണ്ണം |
|---|---|
| കൃഷി | 2 |
| ബിസിനസ്സ് | 4 |
| സർക്കാർജോലി | 0 |
| ബാധകമല്ല | 1 |
| ആകെ | 7 |

6.8. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ

| മാസ വരുമാനം | എണ്ണം |
|---|---|
| 10,000ൽ താഴെ | 1 |
| 10,000 ന് മുകളിൽ | 5 |
| ബാധകമല്ല | 1 |
| ആകെ | 7 |

6.9. പദ്ധതി ബാധിതരുടെ കുടുംബാംഗങ്ങളുടെ സാമൂഹ്യ - സാമ്പത്തിക വിവരങ്ങൾ

6.9.1. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ പ്രായംതിരിച്ചുള്ള വിവരങ്ങൾ

| കുടുംബാംഗങ്ങളുടെ പ്രായം | എണ്ണം |
|---|---|
| <10 | 2 |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | |
|---|---|
| 11—20 | 4 |
| 21—30 | 4 |
| 31—40 | 2 |
| 41 — 50 | 3 |
| 51 — 60 | 8 |
| 61 — 70 | 2 |
| 70 ന് മുകളിൽ | 1 |
| ആകെ | 26 |

6.9.2. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളും വിദ്യാഭ്യാസ നിലവാരം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

| വിദ്യാഭ്യാസ നിലവാരം | എണ്ണം |
|---|---|
| 10 ൽ താഴെ | 3 |
| എസ്.എസ്.എൽ.സി | 7 |
| പ്രീ ഡിഗ്രി | 6 |
| ബിരുദം | 4 |
| ബിരുദാനന്തര ബിരുദം | 4 |
| സാങ്കേതിക വിദ്യാഭ്യാസം | 1 |
| മറ്റുള്ളവ | 1 |
| ആകെ | 26 |

6.9.3 പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ ജോലി അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

| തൊഴിൽ | എണ്ണം |
|---|---|
| ബിസിനസ്സ് | 9 |
| പ്രൈവറ്റ് ജോലി | 4 |
| മറ്റുള്ളവ | 6 |
| തൊഴിൽ രഹിതർ | 7 |
| ആകെ | 26 |

KERALA VHSS ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

## അദ്ധ്യായം 7
## സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതി

7.1. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | ഭൂമിയുടെ നഷ്ടം, | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2. | സ്വന്തം ഉടമസ്ഥയിലുള്ള വഴിയുടെ നഷ്ടം | നഷ്ടപരിഹാരം | എന്തിനു വേണ്ടി വഴി ഉപയോഗിച്ചിരുന്നുവോ ആ ഉപയോഗം നിലനിർത്തുക |
| 3 | വീടുകളിലേക്കും ശേഷിക്കുന്ന ഭൂമിയിലേക്കുമുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | പുനർനിർമ്മാണം | നിലനിർത്തുക.സാധ്യമല്ലെങ്കിൽ നഷ്ടപരിഹാരം നൽകുകയും ചെയ്യുക. |
| 4. | ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരെയും പദ്ധതി ഉപഭോക്താക്കളെയും ഉൾപ്പെടുത്തുക. | നിയന്ത്രണം | സുതാര്യത, പൊതുജന പങ്കാളിത്തം . |
| 5. | പരാതി പരിഹാരം | നിയന്ത്രണം | പരാതി പരിഹാരസമിതിയുടെ രൂപീകരണവും പ്രവർത്തനവും |

7.2. **പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ**

ബാധകമല്ല

**7.3. പദ്ധതിക്ക് വേണ്ടി ഭൂമിആവശ്യപ്പെടുന്ന കേരള ഇലക്ട്രിസിറ്റി ബോർഡ് പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ**

ബാധകമല്ല

7.4. **സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റങ്ങളും കൂട്ടിചേർക്കേണ്ട കാര്യങ്ങളും**

ബാധകഅഷ്ട

7.5. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം-വിശദാംശങ്ങൾ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1. | ഭൂമിയുടെ നഷ്ടം. | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞ | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 2. | സ്വന്തം ഉടമസ്ഥയിലുള്ള വഴിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | എന്തിനു വേണ്ടി വഴി ഉപയോഗിച്ചിരുന്നുവോ ആ ഉപയോഗം നിലനിർത്തുക |
| 3. | വീടുകളിലേക്കും ശേഷിക്കുന്ന ഭൂമിയിലേക്കുമുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നിലനിർത്തുക. സാധ്യമല്ലെങ്കിൽ നഷ്ടപരിഹാരം നൽകുകയും ചെയ്യുക. |
| 4 | ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ പദ്ധതി ബാധിതരെയും പദ്ധതി ഉപഭോക്താക്കളെയും ഉൾപ്പെടുത്തുക. | നെഗറ്റീവ് | സാധ്യമാണ് | മിതമായ | മധ്യമം | കുറഞ്ഞ | സുതാര്യത, പൊതുജന പങ്കാളിത്തം . |
| 5 | പരാതി പരിഹാരം | പോസിറ്റീവ് | സാധ്യമാണ് | കുറഞ്ഞത് | കുറഞ്ഞത് | കുറഞ്ഞത് | പരാതി പരിഹാര സമിതിയുടെ രൂപീകരണവും പ്രവർത്തനവും |

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം 8
## സാമൂഹ്യപ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ നടപ്പാക്കൽ സംവിധാന ഘടന

8.1. സ്ഥാപന ഘടനാ സംവിധാനം

| സാമൂഹ്യ പ്രത്യാഘാത പരിഹാര ഉത്തരവാദിത്തം | നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ |
|---|---|
| ജില്ലാ കളക്ടർ | നഷ്ട പരിഹാര നിർണ്ണയവും പരാതി പരിഹാരവും |
| ഡപ്യൂട്ടി കളക്ടർ (ഭൂമിഏറ്റെടുക്കൽ) | ഭൂമിഏറ്റെടുക്കൽ, നഷ്ട പരിഹാരം |
| സ്പെഷ്യൽ തഹസിൽദാർ, (ഭൂമിഏറ്റെടുക്കൽ) | ഭൂമിഏറ്റെടുക്കൽ, നഷ്ട പരിഹാരം |
| ജില്ലാഫോറസ്റ്റ് ഓഫീസർ | മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയിക്കൽ |
| റിക്വസിഷൻ അധികാരികൾ | പ്രവേശന മാർഗ്ഗങ്ങളുടെ പുനഃസ്ഥാപനവും നിർമ്മാണങ്ങളുടെ മൂല്യ നിർണ്ണയവും |

KERALA VHS ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

## അദ്ധ്യായം 9
## സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണവും ബജറ്റും പ്രത്യാഘാത ലഘൂകരണത്തിന് വേണ്ടിയുള്ള സാമ്പത്തികവും

9.1. - പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ചിലവ്

ബാധകമല്ല

9.2.- വാർഷിക ബജറ്റും പദ്ധതി രൂപരേഖയും

ബാധകമല്ല

9.3. സാമ്പത്തികസ്രോതസ്സുംവിശദീകരണവും

ബാധകമല്ല

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

<u>അദ്ധ്യായം 10</u>

# <u>സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി - മേൽനോട്ടവും വിലയിരുത്തലും</u>

10.1.- **പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ**

- ഭൂവുടമകളുടെ ജില്ലാതല പർച്ചേസിംഗ് കമ്മറ്റി മീറ്റിംഗിൽ ഉള്ള പങ്കാളിത്തം
- എത്ര ഭൂവുടമകളിൽ നിന്ന് നേരിട്ട് ഭൂമി വാങ്ങാൻ സാധിച്ചു.
- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- തടസ്സപ്പെട്ട പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം.
- ഭൂമിക്കും നിർമ്മാണങ്ങൾക്കും നൽകിയ നഷ്ടപരിഹാരതുക
- പദ്ധതി ബാധിതരുടെ ഭൂമിയിലും പണത്തിലുമുള്ള അമകാശസ്ഥാപനം
- നഷ്ടപരിഹാര വിനയോഗം
- പരാതി പരിഹാരസമിതിയുടെ രൂപീകരണം.
- പരാതി പരിഹാരസമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- പരാതി പരിഹാരസമിതയുടെ മുൻമ്പാകെ വന്ന പരാതികളുടെ എണ്ണം
- പരാതി പരിഹാരസമിതി സ്വീകരിക്കപ്പെടുന്ന പരാതികളുടെ എണ്ണം
- ഉന്നതതലങ്ങളിലേക്ക് തീർപ്പാക്കലിനുവേണ്ടി സമർപ്പിക്കപ്പെടുന്ന പരാതികളുടെ എണ്ണം
- കോടതി കേസുകളുടെ എണ്ണം
- സ്ത്രീകൾക്കു നൽകുന്ന പരിഗണന

10.2. **മേൽനോട്ടവും റിപ്പോർട്ടിംഗും**

ബാധകമല്ല

10.3. **സ്വതന്ത്രമായ വിലയിരുത്തലിന് വേണ്ടിയുള്ള പദ്ധതി**

ബാധകമല്ല

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

## അദ്ധ്യായം 11
## സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത് വലിയ അളവിൽ ഭൂമി കൈവശമുള്ള മൂന്ന് ഭൂവുടമകൾക്കും 5 ആദിവാസി കുടുംബങ്ങൾക്കുമാണ്. എന്നാൽ ആദിവാസി കുടുംബങ്ങൾക്ക് അവരുടെ ഭവനങ്ങൾ വരെ ഗതാഗത സൗകര്യം ലഭ്യമാകണമെങ്കിൽ പദ്ധതിമൂലം പ്രയോജനം ലഭ്യമാവുന്ന സ്വകാര്യ ഭൂവുടമകൾ അവരുടെ ഭൂമിയിലൂടെ സൗകര്യം ചെയ്തു കൊടുക്കേണ്ടതുണ്ട്. ഇപ്രകാരം സൗകര്യം ചെയ്ത് കൊടുക്കുന്നില്ല എങ്കിൽ പദ്ധതി കേവലം മൂന്ന് ഭൂവുടമകൾക്ക് ഗതാഗത സൗകര്യം ചെയ്ത് കൊടുക്കുന്ന പദ്ധതിയായി മാറ്റപ്പെടും. അതുകൊണ്ട് തന്നെ പദ്ധതിയുടെ പൊതുതാൽപര്യം ഇല്ലാതാവുകയും ചെയ്യും. എന്നാൽ ആറോളം വരുന്ന ആദിവാസി കുടുംബങ്ങൾക്ക് അവരുടെ ഭവനങ്ങൾ വരെ ഗതാഗത സൗകര്യം ലഭ്യമാക്കുന്ന പദ്ധതിയായി ഈ പദ്ധതിയെ പുനക്രമീകരിച്ചാൽ പദ്ധതിയുടെ പൊതു താൽപര്യം സുവ്യക്തം ആകും.

ആറ് ഭൂവുടമകൾക്ക് കുറഞ്ഞ അളവിൽ ഭൂമി നഷ്ടപ്പെടുന്നു എന്നുള്ളതാണ് പദ്ധതിയുടെ പ്രാഥമിക പ്രത്യാഘാതം. ഇപ്പോൾ ഉപയോഗത്തിലുള്ള സ്വകാര്യവഴി വികസിപ്പിച്ച് പൊതുവഴി ആക്കുന്ന പദ്ധതി പ്രത്യാഘാതത്തിന്റെ വ്യാപ്തി പരിഗണിക്കുമ്പോൾ വളരെ ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്. എന്നാൽ പദ്ധതി ബാധിതയായ ഒരു സ്ത്രീ നാഥയായ കുടുംബത്തിന്റെ ഭൂമി രണ്ടായി വിഭജിക്കപ്പെടുകയും, ഒരു ഭാഗം പൂർണ്ണമായും ഉപയോഗ ശൂന്യമായി തീരുകയും ചെയ്യും എന്ന ഒരു വസ്തുത പദ്ധതിയുടെ എടുത്തു പറയേണ്ട പ്രത്യാഘാതമായി കണക്കാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം പൊതുതാൽപര്യം തുലോം കുറവുള്ള ഒരു പദ്ധതിക്ക് വേണ്ടി കൂടുതൽ ഭൂമിഏറ്റെടുക്കുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തും എന്നുള്ളതുകൊണ്ട് തന്നെ, വഴിയുടെ രൂപരേഖ തയ്യാറാക്കുമ്പോൾ തുണ്ട് ഭൂമി രൂപപ്പെടാത്ത വിധം രൂപകൽപന നടത്തുന്നത് മേൽപറഞ്ഞ നഷ്ടം നികത്താൻ സഹായകമാണ്. കൂടാതെ സമീപ പ്രദേശത്ത് പ്രവർത്തിച്ചു കൊണ്ടിരുന്ന ഇപ്പോൾ പ്രവർത്തിക്കാത്തതുമായ ഒരു കരിങ്കൽ മടയുടെ ആവശ്യത്തിനു വേണ്ടി രൂപപ്പെടുത്തിയ സ്വകാര്യ വഴിയാണ് ഏറ്റെടുത്ത് പൊതുവഴിയായി മാറ്റപ്പെടുന്നത്. ഇപ്രകാരം പൊതുവഴി രൂപപ്പെടുമ്പോൾ, പരിസ്ഥിതി നിയമ പ്രകാരം പാറമടയുടെ പ്രവർത്തനത്തിന് തടസ്സങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്.

നിർദ്ദേശിക്കപ്പെട്ട ബദൽ മാർഗ്ഗങ്ങളുടെ സാധ്യത സംബന്ധമായി സാങ്കേതിക പഠനങ്ങൾ നടത്തേണ്ടതുണ്ട്. ആദിവാസി കുടുംബങ്ങൾ ഒഴിച്ചുള്ള പദ്ധതി ഉപഭോക്താക്കൾ തരിയോട് റിസർവോയർ പദ്ധതി കമ്മീഷൻ ചെയ്യുന്ന സമയത്ത് പദ്ധതി പ്രദേശത്ത് താമസിച്ചിരുന്നവർ അല്ല. അതുകൊണ്ട് തന്നെ ബാണാസുര പദ്ധതിയുടെ പുനരധിവാസ- പുനർവാസ നടപടികളിൽ ഉൾപ്പെടാൻ സാങ്കേതികമായി അവകാശം ഇല്ലാത്തവരാകുന്നു. എന്നാൽ ലഭ്യമായിരുന്ന ഗതാഗത സൗകര്യം നഷ്ടപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് അവരുടെ സാമൂഹ്യ-സാമ്പത്തിക പുരോഗതിക്ക് പദ്ധതി വലിയ സഹായം ചെയ്യും. എന്നതിൽ രണ്ട് പക്ഷമില്ല. അതുകൊണ്ട് തന്നെ സർക്കാർ പ്രദേശവാസികളായ ആദിവാസി കുടുംബങ്ങൾക്ക് അവരുടെ ഭവനങ്ങളിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപന പദ്ധതിയായി പുനർരൂപ കൽപന നടത്തി പദ്ധതി നടപ്പാക്കണമെന്നുംമേൽപറഞ്ഞ പൊതു താൽപര്യം കണക്കാക്കി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും, പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013 (30-2013) സെക്ഷൻ 2(1)(ബി)(iii) പ്രകാരം പൊതു താൽപര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമിഏറ്റെടുക്കൽ നടപടിക്രമങ്ങളു മായി മുന്നോട്ടു പോകാവുന്നതും ആണ്.

സാജു. വി.ഇട്ടി
ചെയർമാൻ, സാമൂഹ്യപ്രത്യാഘാത പഠന യൂണിറ്റ്

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപരസ്യം- ഫോം.നം.5- നോട്ടിഫിക്കേഷൻ
4. നോട്ടീസ്
5. പബ്ലിക് ഹിയറിംഗ്- ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

# List of title holders

| ക്രമനം. | സർവ്വേ നമ്പർ | വിവരണം | പേരുംമേൽവിലാസവും | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | 178/2 pt | പുരയിടം | തെങ്ങടയിൽ എബ്രാഹം, മഞ്ഞൂറ പി.ഒ, പൊഴുതന വഴി<br>ഇടയാടിയിൽസജീഷ്, ബൈബിൾലാന്റ് പി.ഒ, പത്താംമൈൽ, തിയോട് നോർത്ത്<br>പൂതക്കാട്ടിൽ റെയിൻസൺ | 9605051247<br>9847463029 |
| 2 | 178/2-1 | പുരയിടം | പ്ലാത്തോട്ടത്തിൽ തോമസ്സ് | 9605351668 |
| 3 | 178/3 | പുരയിടം | Late. ജോയി, അന്നമ്മ വെള്ളക്കള്ളുകൽ | 9061887984 |
| 4 | 178/2 | പുറമ്പോക്ക് | സക്കാർവകസ്ഥലം | |
| 5 | | പുരയിടം | ഒ.ഡി.തോമസ്സ്, ഓലിക്കൽഹൗസ്, വികാസ് നഗർ, കൽപ്പെറ്റ | 9447109653 (ജോൺസൻ)<br>7356915244, 9961180450 |

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

# PHOTO GALLERY

## PROJECT AREA





## SOCIAL SURVEY & DATA COLLECTION










COLLECTORATE P.O. * KERALA VHSS *
MULLANKUZHY
KOTTAYAM-2









PUBLIC HEARING





KERALA V H S
MULLANKUZHY
TAYAM-2
COLLECTORATE P.O.



KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

# കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ പ്രാപ്തി വർദ്ധിപ്പിക്കൽ പദ്ധതി

പൊതു അഭിപ്രായ സ്വീകരണം.

തരിയോട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാൾ, തരിയോട് 10-ാം മൈൽ,

രാവിലെ 11 മണിക്ക്

| ക്രമ. നം. | പേര് | അഡ്രസ്സ് | സർവ്വേ നം | ഫോൺ | ഒപ്പ് |
|---|---|---|---|---|---|
| 1 | [illegible] | [illegible] ബൈബിൾ ലാന്റ് തരിയോട് | | 9061230345 | [signature] |
| 2 | അന്നമ്മ | വെള്ളത്തി[illegible] | | | [signature] |
| 3. | ബിന്ദു രാമൻ | ഉതിരംചേരി ബൈബിൾ ലാന്റ് തരിയോട്. | | 9061818528 | [signature] |
| 4. | [illegible] | ഉതിരംചേരി(പ) ബൈബിൾ ലാന്റ് തരിയോട്. | | 7561083427 | [signature] |
| 5. | വെള്ളത്തി | ഉതിരംചേരി ബൈബിൾ ലാന്റ് തരിയോട് | | | [signature] |
| 6 | [illegible] | [illegible] ബൈബിൾ ലാന്റ് തരിയോട് | | 9446164670 | [signature] |
| 7. | M. [illegible] | | | | [signature] |
| 8 | [illegible] | | | | [signature] |
| 9 | [illegible] | 9ാം. മൈൽ | | 9495049980 | [signature] |

| ക്രമ. നം. | പേര് | അഡ്രസ്സ് | സർവ്വേ നം | ഫോൺ | ഒപ്പ് |
| --- | --- | --- | --- | --- | --- |
| | [illegible] | [illegible] | | 9961621231 | [signature] |
| | [illegible] | | | 9946412258 | [signature] |
| | Mancharan P. AEE, RSDSS-KSEB Thampode | Asst Exe Engineer | | 9447300406 | [signature] |
| | Abraham T.J Thengadayil. | TT | | | [signature] |
| | P.J Thomas | | | 9605351668 | [signature] |
| | O.D. Thomas | | | 9447080650 | [signature] |
| | K.G [illegible] | | | 9447109653 | [signature] |
| | | | | | |
| | | | | | |
| | | | | | |

2019 നവംബർ 21 വ്യാഴം CLT/WL മംഗളം

ഫാറം 5 ചട്ടം 14 (1) വിജ്ഞാപനം    തീയതി : 20/11/2019

ചുവടെ പട്ടികയിൽ വിവരിക്കുന്ന വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ, കാവുമന്ദം വില്ലേജിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ പ്രാപ്തി വർദ്ധിപ്പിക്കൽ പദ്ധതിക്ക് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടാകാമെന്നോ കേരളസർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളഗസറ്റ് തീയതി ഒക്ടോബർ 16, 2019 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന നമ്പർ.ഡിസിഡബ്ല്യുവെഡി/10403/2019 ബി 1 അറിയിപ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക ആഘാത റിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപ്പര്യങ്ങളോ ഉള്ള താങ്കളോ താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ 2019 - ാം ഡിസംബർ മാസം 9-ാം തീയതി രാവിലെ 11 മണിക്ക് തരിയോട് 10 -ാംമൈൽ, തരിയോട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാളിൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ നം. | സർവ്വേ നം. | വിവരണം | വി. ഹെ. | പേര് |
|---|---|---|---|---|
| 1 | 178/2, 178/2-1, 178/1, 178/3, 178/3-2, 178/3-3, 182/2, 182/10, 182/2-2 | പുറമ്പോക്ക് പുരയിടം | 0.0852 | സർക്കാർ വക സ്ഥലം<br>തെങ്ങടയിൽ എബ്രഹാം, ഇടയാടിയിൽ സജീഷ്, പുതുക്കാട്ടിൽ റെയിൻസൺ, പ്ലാത്തോട്ടത്തിൽ ദേവസ്യ തോമസ്, [illegible] ജോയി, അന്നമ്മ വെള്ളക്കല്ലുങ്കൽ, ഒ.ഡി.തോമസ്, ഓലിക്കൽ ഹൗസ്, പുത്തൻ വീട്ടിൽ, ജലജ, ത്രേസ്യാമ്മ |
| ആകെ വിസ്തീർണ്ണം | | | 0.0852 | |

ചെയർമാൻ, സാമൂഹിക ആഘാത പഠന യൂണിറ്റ്

ജനയുഗം 2019 നവംബർ 21 വ്യാഴം

ഫാറം 5 ചട്ടം 14 (1) വിജ്ഞാപനം തീയതി : 20/11/2019

ചുവടെ പട്ടികയിൽ വിവരിക്കുന്ന വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ, കാവുമന്ദം വില്ലേജിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ പ്രാപ്തി വർദ്ധിപ്പിക്കൽ പദ്ധതിക്ക് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരളസർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാഗസറ്റ് തീയതി ഒക്ടോബർ 16, 2019 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന നമ്പർ.ഡിസിഡബ്ല്യുവൈഡി/10403/2019 ബി 1 അറിയിപ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക ആഘാത റിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപ്പര്യങ്ങളോ ഉള്ള താങ്കളോ താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ 2019 - ാം മാണ്ട് ഡിസംബർ മാസം 9-ാം തീയതി രാവിലെ 11 മണിക്ക് തരിയോട് 10 -ാം മൈൽ, തരിയോട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാളിൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ. നം. | സർവ്വേ നം. | വിവരണം | വി. ഹെ. | പേര് |
|---|---|---|---|---|
| 1 | 178/2, 178/2-1, 178/1, 178/3, 178/3-2 178/3-3, 182/2, 182/10, 182/2-2 | പുറമ്പോക്ക് പുരയിടം | 0.0852 | സർക്കാർ വക സ്ഥലം<br>തെങ്ങടയിൽ എബ്രാഹം, ഇടയാടിയിൽ സജീഷ്, പുതക്കാട്ടിൽ റെയിൻസൺ, പ്ലാത്തോട്ടത്തിൽ ദേവസ്യ തോമസ്സ്, Late. ജോയി, അന്നമ്മ വെള്ളക്കള്ളിമുങ്കൽ, ഒ.ഡി.തോമസ്സ്, ഓലിക്കൽ ഹൗസ്, പുത്തൻ വീട്ടിൽ, ജലജ, ത്രേസ്യാമ്മ |
| ആകെ വിസ്തീർണ്ണം | | | 0.0852 | |

ചെയർമാൻ, സാമൂഹിക ആഘാത പഠന യൂണിറ്റ്

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2019 ഒക്ടോബർ 16<br>16th October 2019<br>1195 കന്നി 30<br>30th Kanni 1195<br>1941 ആശ്വിനം 24<br>24th Aswina 1941 | നമ്പർ<br>No. | 2442 |

FORM NO. 4
[*See* Rule 11 (3)]

NOTIFICATION

No. DCWYD/10403/2019-B1. *30th September, 2019.*

WHEREAS, it appears to the Government of Kerala that the land specified in the Schedule below is needed or likely to be needed for a public purpose, to wit for the land acquisition for Kuttiyadi Augmentation Scheme in Wayanad District;

AND WHEREAS, in exercise of the powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013) Government of Kerala have decided to conduct a Social Impact Assessment in the area specified in the Schedule below;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NOW, THEREFORE, sanction is accorded to the Social Impact Assessment Unit, Kerala Voluntary Health Services, Mullankuzhi, Collectorate P.O., Kottayam to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act. The process shall be completed within a period not exceeding 30 days in any case.

SCHEDULE

*District*—Wayanad.

*Taluk*—Vythiri. *Village*—Kavumandam.

(The extent given is approximate)

| *Survey No.* | *Description* | *Extent* |
|---|---|---|
| 178/1, 178/3, 182/2, 182/10, Block No. 6 | Kavumandam Village, Vythiri Taluk | 0.0852 Hectare |

(Sd.)
DISTRICT COLLECTOR,
*Wayanad.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Rules has come into force on 19-9-2015 and as per rule 10 notifying a Social Impact Assessment Unit for conducting Social Impact Assessment Study is required. Requisition has been received for acquiring 0.0852 Ha. of land in Kavumandam Village of Vythiri Taluk in Wayanad District for Kuttiyadi Augmentation Scheme.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date 2019.10.16 12:28:49 +05:30